# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1183 | 05.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**ചെങ്ങന്നൂർ മണ്ഡലത്തിലെ പാലങ്ങളുടെ സ്ഥലമെടുപ്പ്**

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കൈപ്പാലക്കടവ് പാലം, വഴുവാടിക്കടവ് പാലം, ശാർങകാവ് പാലം എന്നിവയുടെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | **കൈപ്പാലക്കടവ് പാലം**<br>ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട 100 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 18/05/2019-ലെ സ.ഉ(സാധാ) നം.1143/2019/റവ പ്രകാരം ലഭ്യമായിട്ടുള്ളതും എസ്.ഐ.എ പഠനം നടത്തുന്നതിന് ശ്രീമതി പ്രിൻസി ജേക്കബ്, എറണാകുളം-ന്റെ നേതൃത്വത്തിലുള്ള ഏജൻസിയെ നിശ്ചയിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ്ജായി നിശ്ചയിച്ച് നൽകിയിരുന്ന തുക അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നാളിതുവരെ ലാന്റ് അക്വിസിഷൻ ഓഫീസർക്ക് ഡിപ്പോസിറ്റ് ചെയ്ത് നൽകിയിട്ടില്ലാത്തതിനാൽ എസ്.ഐ.എ ഏജൻസിയെ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.<br><br>**വഴുവാടി കടവ് പാലം**<br>ആലപ്പുഴ ജില്ലയിൽ എണ്ണയ്ക്കാട്, തഴക്കര വില്ലേജുകളിൽ ഉൾപ്പെട്ട 24 ആർസ് ഭൂമി ഡയറക്റ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 03/04/2019-ലെ സ.ഉ (സാധാ) നം.986/2019/റവ പ്രകാരം ഉത്തരവായിരുന്നതും സർവ്വെ ഡിവിഷൻ റിക്കാർഡുകളും അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും (BVR) ആലപ്പുഴ എൽ.എ (ജനറൽ) സ്പെഷ്യൽ തഹസീൽദാർ തയ്യാറാക്കി വരുന്നതുമാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് DLFC കൂടുകയും DLFC യുടെ ശുപാർശ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതും, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ ഭാഗമായി ആലപ്പുഴ ലാന്റ് അക്വിസിഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | **ശാർങ്ങക്കാവ് പാലം**<br>ശാർങ്ങക്കാവ് പാലം നിർമ്മാണ ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ഒന്നും നാളിതുവരെ ലഭിച്ചിട്ടില്ലാത്തതാണ്. |
| (സി) | ഉടമസ്ഥർ സ്ഥലം വിട്ടുതരുവാൻ തയ്യാറായതിനാൽ, പ്രോജക്ട് പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നേരിട്ടുള്ള പർച്ചേസ് അനുമതി ലഭ്യമാക്കുന്നത് സർക്കാർ പരിഗണിക്കുമോ? | (സി) | വഴുവാടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 03/04/2019-ലെ സ.ഉ (സാധാ) നം.986/2019/റവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൈപ്പാലക്കടവ് പാലം, ശാർങ്ങക്കാവ് പാലം എന്നിവയുടെ നിർമ്മാണത്തിന് ഭൂവുടമകളുടെ സമ്മതപത്രം സഹിതം ജില്ലാകളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ